| 04–01–2022 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, കുറവുകളെ ദാനം ചെയ്ത് പിന്നീട് എന്തെങ്കിലും തെറ്റ് സംഭവിക്കുകയാണെങ്കിൽ ബാബയോട് പറയണം, മിഥ്യാ ജ്ഞാനി ആകരുത്, ഒരിക്കലും പിണങ്ങരുത്.**

**ചോദ്യം –** ഏതൊരു കാര്യത്തെ ഓർമ്മിക്കുന്നതിലൂടെ അളവില്ലാത്ത സന്തോഷത്തിൽ കഴിയാൻ സാധിക്കും? ഏതൊരു കാര്യത്തിൽ ഒരിക്കലും സങ്കടപ്പെടരുത്?
**ഉത്തരം –** ഇത് ഓർമ്മിക്കണം – നമ്മൾ ഇപ്പോൾ രാജയോഗം അഭ്യസിക്കുകയാണ് പിന്നെ സൂര്യവംശി ചന്ദ്രവംശി രാജാവായി തീരും. മനോഹരമായ കൊട്ടാരങ്ങൾ നിർമ്മിക്കും. നമ്മൾ ശാന്തിധാമത്തിലേക്ക് പോയി അവിടെ നിന്നും സുഖധാമത്തിലേക്ക് വരും. അവിടെ എല്ലാം ഒന്നാന്തരം വസ്തുക്കളായിരിക്കും. ശരീരം വളരെ സുന്ദരവും നിരോഗിയുമായത് ലഭിക്കും. അഥവാ ഇവിടെ അന്തിമത്തിൽ പ്രാപ്തമാക്കിയിരിക്കുന്ന പഴയ ശരീരത്തിന് എന്തെങ്കിലും രോഗങ്ങൾ ഉണ്ടെങ്കിലും സങ്കടപ്പെടുത്, മരുന്നു കഴിക്കണം.

**ഗീതം –** സഭയിലേക്ക് വന്ന പ്രകാശം........

**ഓം ശാന്തി**. ഈ ഗീതം നിങ്ങൾ കുട്ടികൾ അനേക തവണ കേട്ടിട്ടുള്ളതാണ്. ഭിന്ന ഭിന്ന പ്രകാരത്തിലാണ് കുട്ടികൾക്ക് അർത്ഥം മനസ്സിലാക്കി തരുന്നത്. ആരാണോ ഗീതം ഉണ്ടാക്കിയത് അവർക്ക് ഇത് ഒന്നും അറിയില്ല. നിങ്ങൾ ഇപ്പോൾ പരിധിയില്ലാത്ത അച്ഛന്റെ കുട്ടികളായി മാറിയിരിക്കുന്നു. നിങ്ങൾ പരിധിയില്ലാത്ത അച്ഛന്റെ മക്കളുമാണ് അതോടൊപ്പം പേരക്കുട്ടികളുമാണ്. നിങ്ങൾ എന്റെ മക്കളുമാണ് അതോടൊപ്പം പേരക്കുട്ടികളുമാണ് എന്ന് വേറെ ഒരു അച്ഛനും പറയാൻ കഴിയില്ല. ഇവിടെ അങ്ങനെയുള്ള അത്ഭുതമുണ്ട്. നമ്മൾ എല്ലാവരും ശിവബാബയുടെ മക്കളാണ് അതോടൊപ്പം സാകാരത്തിലെ ശിവബാബയുടെ മകൻ ഒരു ബ്രഹ്മാവാണ്, അതിനാലാണ് നിങ്ങൾ പേരക്കുട്ടികളായി മാറിയത്. പ്രശസ്ഥരായ കുട്ടികളാണ്. എല്ലാ കുട്ടികളും ഒരു ബാബയുടേതാണ്. നിങ്ങൾ ഇപ്പോൾ സമ്പത്ത് നേടുന്നതിനു വേണ്ടി പേരക്കുട്ടികളായി മാറിയിരിക്കുകയാണ്, വേറെ ആർക്കും സമ്പത്ത് പ്രാപ്തമാക്കാനും സാധിക്കില്ല. അഥവാ എല്ലാവരും പേരക്കുട്ടികളായി മാറിയാൽ എല്ലാവർക്കും സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകേണ്ടി വരും. ഇങ്ങനെ ഒരിക്കലും നടക്കുകയില്ല അതിനാൽ കോടിയിൽ ചിലരാണ് പേരക്കുട്ടികളായി മാറുന്നത്. പ്രജാപിതാ ബ്രഹ്മാവിനെ കുറിച്ചും മനസ്സിലാക്കി തരുന്നുണ്ട് ബ്രഹ്മാവിനേയും തീർച്ചയായും ദത്തെടുക്കേണ്ടി വരും. ഒന്ന് ദത്തെടുക്കലാണ്, ഇതാണെങ്കിൽ ശരീരത്തിലേക്ക് പ്രവേശിക്കുന്ന കാര്യമാണ്. കുട്ടികൾ പറയുകയാണ്, നമ്മൾ പേരക്കുട്ടികളാണ്. കുട്ടികളെ തന്റെ മധുരമായ വീടിനെ ഓർമ്മിക്കൂ എന്ന് ആർക്കും പറയാൻ കഴിയില്ല. ഇത് ആരോടാണ് പറയുന്നത്? ആത്മാക്കളോട്. ആത്മാവ് ഈ അവയവങ്ങളിലൂടെ കേൾക്കുകയാണ്. ഞാൻ ആത്മാക്കളോടാണ് സംസാരിക്കുന്നത് എന്നും ആർക്കും പറയാൻ കഴിയുകയില്ല. ആത്മാവ് കേൾക്കുകയാണ് – ബാബ പറയുന്നു പരംപിതാ പരമാത്മാവായ ഞാൻ ഈ ബ്രഹ്മാ ശരീരത്തിലേക്ക് പ്രവേശിച്ച് നിങ്ങളെ പഠിപ്പിക്കുകയാണ്. ഇല്ലെങ്കിൽ എങ്ങനെ മനസ്സിലാക്കി തരും. എനിക്ക് ബ്രഹ്മാവിന്റെ ശരീരത്തിലേക്കാണ് പ്രവേശിക്കേണ്ടതും. പേര് ബ്രഹ്മാവ് എന്ന് തന്നെ വെക്കണം എങ്കിലെ ബ്രഹ്മാ കുമാരൻ ബ്രഹ്മാ കുമാരി എന്ന് പറയാൻ കഴിയുകയുള്ളൂ. മറ്റു ബ്രാഹ്മണരോട് ചോദിക്കണം നിങ്ങൾ എങ്ങനെയാണ് ബ്രഹ്മാവിന്റെ സന്താനങ്ങളായി മാറിയത്. നിങ്ങളോട് പറയാൻ അവർക്ക് കഴിയുകയില്ല. പറയും നമ്മൾ ബ്രഹ്മാവിന്റെ മുഖവംശാവലികളാണ് എന്ന്. പക്ഷെ അവർ കുഖവംശാവലികളാണ്. പറയുന്നുണ്ട് മുഖവംശാവലികളായിരുന്നു, ഇപ്പോൾ കുഖവംശാവലിയായി മാറിയതാണ്.. ഇപ്പോൾ ഇങ്ങനെയുമല്ല ബ്രഹ്മാവിന്റെ കുഖവംശാവലികളായി മാറാം എന്ന്. ഇതെല്ലാം അത്ഭുതം നിറഞ്ഞ കാര്യങ്ങളാണ്. ബാബ ഒരിക്കലും തെറ്റായ കാര്യങ്ങൾ കേൾപ്പിക്കില്ല. ബാബ സത്യമാണ്. നമ്മളെ സത്യത ഉള്ളവരാക്കി മാറ്റുകയാണ്. ഒരിക്കലും സ്വയത്തെ മിഥ്യാ ജ്ഞാനി ആണെന്ന് മനസ്സിലാക്കരുത്. ഈ ദാദയും പറയുന്നുണ്ട് – ഏതു വരെ സമ്പൂർണ്ണമായി മാറുന്നില്ലയോ അതു വരെ എന്തെങ്കിലും സംഭവിച്ചു കൊണ്ടിരിക്കും. പക്ഷെ നിങ്ങൾക്ക് ശിവബാബയുടെ കൂടെയാണ് കാര്യമുള്ളത്. മനുഷ്യർക്ക് എന്തു തെറ്റും ചെയ്യാൻ സാധിക്കും, മറ്റുള്ളവരുടെ കൂടെ ചെറിയ അഭിപ്രായ വ്യത്യാസങ്ങളും ഉണ്ടാകും. പക്ഷെ ബാബയിൽ നിന്നും സമ്പത്ത് എടുക്കുക തന്നെ വേണം. ധാരാളം കുട്ടികൾ ബാബയോട് പോലും പിണങ്ങുന്നുണ്ട്. അഥവാ ഏതെങ്കിലും സഹോദരി സഹോദരൻ നിങ്ങളെ എന്തെങ്കിലും പറഞ്ഞാലും ശിവബാബയുടെ മുരളി കേൾക്കാമല്ലോ. വീട്ടിൽ ഇരുന്നോളൂ, പക്ഷെ ബാബയിൽ നിന്നും ഖജനാവ് പ്രാപ്തമാക്കണം. ഖജനാവില്ലാതെ നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിയും. ബ്രാഹ്മണരുടെ

കൂട്ടുകെട്ടിലേക്കും വരണം, ഇല്ലെങ്കിൽ ശൂദ്രന്മാരുടെ കൂട്ടുകെട്ടിന്റെ പ്രഭാവം ഉണ്ടാകും. നിങ്ങളുടെ ദുർഗതി ഉണ്ടാകും. സത്സംഗം ഉയർത്തും അതുപോലെ കുസംഗം മുക്കി താഴ്ത്തും. നിങ്ങൾ പോയി കൊറ്റികളുടെ കൂടെ ജീവിച്ചാൽ സത്യനാശം സംഭവിക്കും. ഒരു ബാബയെയാണ് തോണിക്കാരൻ എന്നും പറയുന്നത്. ബാക്കി നിങ്ങളെ മുക്കി താഴ്ത്തുന്നവർ ധാരാളമുണ്ട്. ഒരു മനുഷ്യനും സ്വയത്തെ തോണിക്കാരൻ അഥവാ ഗുരുവാണെന്ന് പറയാൻ സാധിക്കുകയില്ല. ഈ ഗുണങ്ങൾ ഇല്ലാത്ത, വികാരങ്ങളുടെ ലോകത്തിൽ നിന്നും മധുരമായ വീട്ടിലേക്ക് കൊണ്ടു പോകുന്നതും ഒരു ബാബയാണ്. ബാബ പറയുകയാണ് സുഖധാമം, ശാന്തിധാമം ദു:ഖധാമം ഇങ്ങനെ മൂന്നു ലോകങ്ങളാണ് ഉള്ളത്. നിങ്ങൾക്ക് ഈ ദു:ഖധാമത്തിൽ നിന്നും മുക്തമായി ശാന്തിധാമത്തിലേക്ക് പോകണം. ഈ ദു:ഖധാമത്തിന് തീ പിടിക്കും. ഇത് ദു:ഖത്തിന്റെ വൈക്കോൽ കൂനയാണ്, ഇവിടെ കുംഭകർണ്ണനെ പോലെയുള്ള ഭ്രഷ്ടാചാരികളായ മനുഷ്യരാണ് ജീവിക്കുന്നത്. പതിത പാവനനായ ബാബയെ വിളിക്കുകയാണ്. പതിത പാവനി ഗംഗയെ വിളിക്കുന്നതിന്റെ കാര്യം തന്നെയില്ല. ഇത് അനാദിയാണ്. സ്വർഗ്ഗത്തിലും ഉണ്ടാകുമല്ലോ. അഥവാ ഗംഗ പതിത പാവനി ആയിരുന്നുവെങ്കിൽ പിന്നെ എല്ലാവരും പാവനമായി മാറണമായിരുന്നു. ഒന്നും മനസ്സിലാക്കുന്നില്ല.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി തന്നിരിക്കുകയാണ്. അതിനാൽ നമ്പർവാർ പുരുഷാർത്ഥമനുസരിച്ച് മനസ്സിലാക്കുന്നുണ്ട്, എന്തുകൊണ്ടെന്നാൽ കുട്ടികളിലും കുറവുണ്ട്, അശുദ്ധമായ അഹങ്കാരമുണ്ട്, കാമവും ക്രോധവും എല്ലാവരിലും ഉണ്ട്. ഓരോരുത്തരും തന്റെ ഹൃദയത്തോട് ചോദിക്കണം എന്നിൽ എന്തു കുറവാണ് ഉള്ളത്. ബാബയോട് പറയണം – ബാബാ എന്നിൽ ഈ കുറവാണ് ഉള്ളത്. ഇല്ലെങ്കിൽ ആ കുറവ് വർദ്ധിക്കും. ഇത് ശാപമൊന്നും നൽകുകയല്ല. പക്ഷെ ഇത് ഒരു നിയമമാണ്, കുറവുകളെ ദാനമായി കൊടുത്തതിനു ശേഷം തെറ്റ് സംഭവിച്ചാൽ അത് പറയണം. ബാബാ ഞാൻ ഈ തെറ്റ് ചെയ്തു, ഈ സാധനം മോഷ്ടിച്ചു. ശിവബാബയുടെ ഭണ്ഡാരത്തിൽ നിന്നും നിങ്ങൾക്ക് എല്ലാം കിട്ടും, അവിനാശിയായ ജ്ഞാന രത്നങ്ങൾ ലഭിക്കുന്നതിനോടൊപ്പം ശരീര നിർവ്വഹണത്തിനു വേണ്ടിയുള്ള എല്ലാം കിട്ടും. ബുദ്ധിക്കുള്ള ടോണിക്കും, ശരീരത്തിനുള്ള ടോണിക്കും ലഭിക്കും. പിന്നെ എന്തെങ്കിലും ആവശ്യം ഉണ്ടെങ്കിൽ അതും ചോദിക്കാം. അഥവാ നിങ്ങൾ എന്തെങ്കിലും ആവശ്യമുള്ളത് ചോദിക്കാതെ എടുത്ത് ഉപയോഗിക്കുന്നത് കണ്ടാൽ മറ്റുള്ളവർ ചെയ്യും. ചോദിച്ച് എടുക്കുന്നതാണ് ശരിയായ കാര്യം. ഏതുപോലെയെന്നാൽ കുട്ടി അച്ഛനോട് എന്തെങ്കിലും ചോദിച്ചാൽ അത് വാങ്ങിച്ചു കൊടുക്കാറുണ്ടല്ലോ, ധനവാൻമാരാണെങ്കിൽ എല്ലാം വാങ്ങിക്കും, എന്നാൽ ദരിദ്രർ എന്താണ് ചെയ്യുക. ഇത് ശിവബാബയുടെ ഭണ്ഡാരമാണ്. ഏതെങ്കിലും സാധനം വേണമെങ്കിൽ നിങ്ങൾക്ക് ബാബയോട് ചോദിച്ച് വാങ്ങിക്കാം. ആർക്ക് എന്ത് ആവശ്യമാണോ ഉള്ളത് അതിന് അനുസരിച്ച് ലഭിക്കും. ബാബയോടും മമ്മയോടും വിശേഷ കുട്ടികളോടും പിണങ്ങരുത്. ബാബയും മഹിമ ചെയ്യുന്നുണ്ട്, ആ കുട്ടി വളരെ നല്ല സേവനം ചെയ്യുന്നുണ്ട്. അതിനാൽ നിങ്ങൾ കുട്ടികൾക്കും അവരോട് ആദരവ് ഉണ്ടായിരിക്കണം. എല്ലാത്തിന്റേയും ആധാരം ജ്ഞാനവും യോഗവുമാണ്. വിവേകശാലികളായ കുട്ടികൾ വളരെ യുക്തിയോടെ നടക്കും, അവരെ കാണുമ്പോൾ അറിയാൻ കഴിയാം ഇവർ നമ്മളെക്കാളും ഉയർന്നവരാണ്. അപ്പോൾ അവരെ ആദരവോടെ നോക്കണം. വളരെ എഴുത്തും പഠിപ്പുമുള്ള ധാരാളം സ്ത്രീകളും ഉണ്ട്, അവർ താങ്കൾ – താങ്കൾ എന്ന് പറഞ്ഞാണ് സംസാരിക്കുക. ചിലർ പഠിക്കാത്തവരായിരിക്കും, അവർ നിങ്ങൾ–നിങ്ങൾ എന്ന് പറഞ്ഞായിരിക്കും സംസാരിക്കുക. ആദരവ് ഉണ്ടായിരിക്കണം. ബാബയുടെ മുന്നിൽ വിവിധ തരത്തിലുള്ള ആളുകളുണ്ടാകും. ബാബ  ആരോടും പറയും – നിങ്ങൾ സുഖമായി, സന്തോഷമായി കഴിയുന്നുണ്ടോ? ചില ഓഫീസർമാർ വരുകയാണെങ്കിൽ അവർക്ക് ആദരവ് കൊടുക്കേണ്ടി വരും. പോപ് വന്നാൽ അദ്ദേഹത്തോടും പറഞ്ഞോളൂ ഇത് മുള്ളുകളുടെ കാടാണ്, നിങ്ങൾ എന്തിനെയാണോ സ്വർഗ്ഗം എന്ന് പറയുന്നത് അത് പൂന്തോട്ടമായിരുന്നു. അവിടെ തീർച്ചയായും നല്ല മാലാഖകളായിരിക്കും ജീവിച്ചിരിക്കുക. ഇത് മുള്ളുകളുടെ കാടാണ്, കാട്ടിൽ മുള്ളുകളും മൃഗങ്ങളുമാണ് ഉണ്ടാവുക. ബാബക്ക് ഏത് കുട്ടിയോടും എന്തും പറയാം. കുട്ടികൾക്ക് പറയാൻ കഴിയില്ല. ഇപ്പോൾ സ്വർഗ്ഗത്തിന്റെ സ്ഥാപന നടക്കുകയാണ്, ഇത് കലി യുഗമാണ്. അല്ലാഹുവിന്റെ പൂന്തോട്ടത്തിന്റെ സ്ഥാപന നടക്കുകയാണ്. അല്ലാഹുവിന്റെ പൂന്തോട്ടമാണ് സത്യയുഗം, ഇത് മുള്ളുകളുടെ കാടാണ്. ഇത് വളരെയധികം മനസ്സിലാക്കാനുള്ള കാര്യമാണ്. ഭാഗ്യശാലികളാണ് വളരെ നല്ല രീതിയിൽ മനസ്സിലാക്കുക അതോടൊപ്പം അവർക്ക് മനസ്സിലാക്കി തരാനും സാധിക്കും. ബാബ കുട്ടികളോട് 5 വികാരങ്ങളുടെ മുകളിൽ വിജയം പ്രാപ്തമാക്കാനുള്ള നല്ല നിർദേശമാണ് നൽകുന്നത്. അവസാനം ആകുമ്പോൾ ഇതിൽ നിന്നും വിട ചോദിക്കാൻ സാധിക്കും, അതു വരെ എന്തെങ്കിലും എന്തെങ്കിലും കുറവുകൾ ഉണ്ടാകും. ഇതിനെ ഇല്ലാതാക്കാനുള്ള പുരുഷാർത്ഥം ചെയ്യണം, ദേഹിഅഭിമാനിയാകണം. ശാന്തിധാമത്തിനേയും സുഖധാമത്തിനേയും ഓർമ്മിക്കണം, അപ്പോൾ സന്തോഷം ഉണ്ടായിരിക്കും. നമ്മൾ ശാന്തിധാമത്തിലൂടെയാണ് സുഖധാമത്തിലേക്ക് പോകാൻ പോകുന്നത്, അപ്പോഴേക്കും എല്ലാ ശുദ്ധീകരണവും നടക്കും. പിന്നെ സ്വർഗ്ഗത്തിൽ എല്ലാ വസ്തുക്കളും ഫസ്റ്റ്

ക്ലാസ്സായിരിക്കും. വജ്രങ്ങളുടേയും രത്നങ്ങളുടേയും കൊട്ടാരങ്ങൾ പണിയും. നമ്മൾ ആത്മാവാണ് എന്നത് നിങ്ങളുടെ ബുദ്ധിയിലുണ്ട്. തന്റെ രാജധാനിയുടെ സ്ഥാപന ചെയ്യുന്നതിനാണ് ഇവിടെ വന്നിരിക്കുന്നത്. പിന്നെ ശിവബാബയോടൊപ്പം തിരിച്ച് വീട്ടിലേക്കും പോകും. നമ്മൾ രാജയോഗം അഭ്യസിച്ചു കൊണ്ടിരിക്കുകയാണ്, പിന്നെ സൂര്യവംശത്തിലേയും ചന്ദ്രവംശത്തിലേയും രാജാവും രാജ്ഞിയുമായി മാറും. കൊട്ടാരങ്ങളും പണിയും. ഈ കാര്യങ്ങളെല്ലാം ഓർമ്മിക്കുകയാണെങ്കിൽ ഉള്ളിൽ വളരെ സന്തോഷം ഉണ്ടായിരിക്കും. കുറവുകളും ധാരാളമുണ്ട്, ദേഹാഭിമാനത്തിലേക്കും വരുന്നുണ്ട്. ഇത് അന്തിമത്തിലെ പഴയ ശരീരമാണ്, സത്യയുഗത്തിൽ പുതിയ ശരീരം കിട്ടും. ബാബയിരുന്ന് മധുരമധുരമായ കുട്ടികൾക്ക് മനസ്സിലാക്കി തരുകയാണ്, ഭഗവാനെ കാണുന്നതിനു വേണ്ടി അരകല്പമായി ഭക്തി ചെയ്യുകയായിരുന്നു. ഒരു ഭഗവാനെ കാണുന്നതിനു വേണ്ടിയാണോ അതോ അനേകരെ കാണുന്നതിനു വേണ്ടിയാണോ ഭക്തി ചെയ്യുന്നത്? ആദ്യം ഒരു ഭഗവാന്റെ ഭക്തിയാണ് ചെയ്തിരുന്നത് പിന്നീട് അതും വ്യഭിചാരി ഭക്തി ആയി തീർന്നു. പിന്നെ ജന്മജന്മാന്തരങ്ങളായി നിങ്ങൾ ഗുരുക്കന്മാരുടേയും കൂടെ നടന്നിരുന്നു, പുനർജന്മം എടുത്തു പിന്നെയും ഗുരുക്കന്മാരുടെ കൂടെ പോയി. ഇപ്പോൾ ബാബ പറയുകയാണ് ഞാൻ നിങ്ങളെ സ്വർഗ്ഗത്തിലേക്ക് കൂട്ടി കൊണ്ടു പോകാം. അവിടെ നിങ്ങൾക്ക് ജന്മജന്മാന്തരങ്ങളിൽ ഗുരുക്കന്മാരുടെ കൂടെ പോകേണ്ട കാര്യമില്ല. അവ്യഭിചാരി ഭക്തിക്കു ശേഷം വ്യഭിചാരി ഭക്തി നടക്കും എന്തുകൊണ്ടെന്നാൽ ഇപ്പോഴുള്ളത് താഴുന്ന കലയാണ്. അതിനാൽ ബാബ പറയുകയാണ് കുട്ടികളെ ഇപ്പോൾ തിരിച്ച് വീട്ടിലേക്ക് പോകണം. എന്നെ കുറിച്ച് പാടാറുണ്ട് മുക്തിദാതാവാണ്, തോണിക്കാരനാണ്, തോട്ടക്കാരനാണ് എന്നെല്ലാം. പൂന്തോട്ടമാണ് സ്വർഗ്ഗം. പിന്നെ തോണിക്കാരൻ പോകും. എല്ലാവരും സ്വർഗ്ഗത്തിലേക്ക് പോവുകയില്ല. ആദ്യമാദ്യം ആരെല്ലാം വരുന്നുണ്ടോ അവർക്ക് ഇത് അല്ലാഹുവിന്റെ പൂന്തോട്ടമായിരുന്നു, വളരെ സുഖം അനുഭവിച്ചിരുന്നു. അല്ലാഹു തന്നെയാണ് സർവ്വർക്കും സുഖം നൽകുന്നത്. സത്യയുഗം അല്ലാഹുവിന്റെ പൂന്തോട്ടമായിരുന്നു എന്ന് എല്ലാവരും പറയാറുണ്ട്. ഭാരതം പ്രാചീന ഖണ്ഡമാണ്. എപ്പോഴാണോ സൂര്യവംശി ചന്ദ്രവംശി രാജ്യം ഭരിച്ചിരുന്നുത്, ആ സമയത്ത് മറ്റു ആത്മാക്കളെല്ലാം മധുരമായ ശാന്തിധാമത്തിൽ ആയിരുന്നു, മുക്തി വേണം എന്ന് പറഞ്ഞാണ് അവർ ഭക്തിയും ചെയ്തിരുന്നത്. ജീവന്മുക്തി നൽകുന്ന ഗുരുവൊന്നും ഇല്ല. മുക്തിയിലേക്കും ജീവന്മുക്തിയിലേക്കുമുള്ള വഴി കാണിച്ചു തരാൻ ബാബക്കാണ് സാധിക്കുക. ഇപ്പോൾ ഇത് ദു:ഖധാമമാണ്, വൈക്കോൽ കൂനക്ക് തീ പിടിക്കണം. ലക്ഷ കണക്കിന് വർഷത്തിന്റെ കല്പമൊന്നുമല്ല ഇത് .ലക്ഷക്കണക്കിന് വർഷമാണെന്ന് മനസ്സിലാക്കി കുംഭകർണ്ണ നിദ്രയിൽ ഉറങ്ങുകയാണ്. ഇപ്പോൾ ഈശ്വരൻ വന്ന് ഉണർത്തിയിരിക്കുകയാണ്. സേവനം ചെയ്യാതെ ഉയർന്ന പദവി പ്രാപ്തമാകില്ല. കുട്ടികൾ പൂർണ്ണമായും സമ്പത്ത് എടുക്കുന്നില്ല എന്നത് കാണുമ്പോൾ ബാബക്ക് ദയ തോന്നുന്നു. ബാബ എല്ലാവരേയും കൊണ്ട് പൂർണ്ണമായ പുരുഷാർത്ഥം ചെയ്യിപ്പിക്കും. എന്തുകൊണ്ട് ബാബയുടെ വിജയ മാലയിൽ കോർക്കപ്പെട്ടു കൂടാ. ഇത് വളരെ സഹജമാണ്, ഇത് ആർക്കു വേണമെങ്കിലും മനസ്സിലാക്കി കൊടുക്കാം. ബ്രഹ്മാവിലൂടെ സ്ഥാപന, ശങ്കരനിലൂടെ ദു:ഖധാമത്തിന്റെ വിനാശവും നടക്കും. ഇപ്പോൾ സുഖധാമത്തിനു വേണ്ടി പുരുഷാർത്ഥം ചെയ്യണം പക്ഷെ സുഖധാമത്തെ കുറിച്ച് ആർക്കും അറിയില്ല. അഥവാ അറിഞ്ഞിരുന്നുവെങ്കിൽ അവിടെ എത്തിച്ചേർന്നിട്ടുണ്ടാകുമല്ലോ. അറിയുന്നില്ലെങ്കിൽ എത്തിച്ചേരാനും സാധിക്കില്ല. ചിറക് മുറിഞ്ഞു പോയിരിക്കുന്നു. നിങ്ങൾ കുട്ടികൾ കാലനു മുകളിൽ വിജയം പ്രാപ്തമാക്കുകയാണ്. കാലൻമാർക്കും കാലനായ ബാബ കാലനു മുകളിൽ വിജയം പ്രാപ്തമാക്കിപ്പിക്കുകയാണ്. അതിനാൽ ഇതെല്ലാം ധാരണ ചെയ്ത് പതിതരെ പാവനമാക്കണം. കേവലം നല്ലതാണെന്ന് പറഞ്ഞ് പോകും, ഇതിലൂടെ എന്ത് പ്രയോജനമാണ് ഉണ്ടാവുക. 7 ദിവസത്തെ കോഴ്സ് കേട്ടാലാണ് ഇതിന്റെ നിറം പതിക്കുക. ചില ചില കുട്ടികൾ മുന്നോട്ട് പോകവെ ബ്രാഹ്മണിയോട് പിണങ്ങി ബാബയോടും പിണങ്ങുന്നുണ്ട്. ഭഗവാനോട് പിണങ്ങുന്നത് ബുദ്ധിപരമായ കാര്യമാണോ? മറ്റുള്ളവരോട് പിണങ്ങണമെങ്കിൽ പിണങ്ങിക്കോളൂ എന്നാൽ എന്നോട് പിണങ്ങിയാൽ ജഡമായി തീരും. അതിനാൽ ശിവബാബയോട് പിണങ്ങരുത്. ഖജനാവ് എടുത്തു കൊണ്ടിരിക്കണം, ധനം എത്ര നൽകുന്നോ അത്രയും വർദ്ധിക്കും......കൂട്ടുകെട്ടും അങ്ങനെ ഉള്ളതായിരിക്കണം. ബ്രാഹ്മണ കുലത്തിൽ പാൽക്കടൽ പോലെ ജീവിക്കണം. പരദൂഷണം ചെയ്യുന്നവരും ഉണ്ടാകും, പരചിന്തനം ചെയ്യുന്നവരും ധാരാളമുണ്ടാകും, അവരിൽ നിന്നും സ്വയത്തെ സംരക്ഷിക്കണം.

ബാബ മനസ്സിലാക്കി തരുകയാണ് – കുട്ടികൾക്ക് സേവനത്തിനോട് വളരെ താല്പര്യം ഉണ്ടായിരിക്കണം. മുങ്ങി പോയവരെ പുറത്തെടുക്കണം. ഇക്കാര്യത്തിലും വീട്ടിൽ നിന്നും വേണം സേവനം ആരംഭിക്കാൻ. ബാബയും ആദ്യമാദ്യം ബ്രഹ്മാവാകുന്ന കുട്ടിയെയാണ് മുന്നോട്ട് കൊണ്ടു വരുന്നത്. നിങ്ങൾ അതു പോലെ തന്റെ കുട്ടികളെ ഉയർത്തണം. ജീവദാനം കൊടുക്കണം. അവസാനം വരെ പഠിപ്പ് പഠിക്കണം. എത്ര നല്ല നല്ല പോയിന്റുകളാണ് ബാബ നൽകുന്നത്. ജീവിച്ചിരിക്കെ മരിച്ച് സമ്പത്ത് നേടണം, ബാബാ

ഞങ്ങൾ അങ്ങയുടേതാണ്. അങ്ങയുടേതായിരുന്നു, ഇനിയും അങ്ങയുടേത് തന്നെയായിരിക്കും. അങ്ങയിൽ നിന്നും പൂർണ്ണമായ സമ്പത്ത് പ്രാപ്തമാക്കും. ഈ ദു:ഖത്തിന്റെ ലോകമാകുന്ന വൈക്കോൽ കൂനക്ക് തീ പിടിക്കും. നമ്മൾ സുഖധാമത്തിലേക്ക് പോവുകയാണ്, അതിനാൽ എത്ര സന്തോഷമുണ്ടായിരുക്കണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ആരാണോ ജ്ഞാനത്തിലും യോഗത്തിലും ശക്തിശാലികളായിരിക്കുന്നത്, നല്ല രീതിയിൽ സേവനം ചെയ്യുന്നത്, അവർക്ക് വളരെ വളരെ ആദരവ് കൊടുക്കണം. താങ്കൾ താങ്കൾ എന്ന് പറഞ്ഞ് സംസാരിക്കണം. പരസ്പരം പിണങ്ങരുത്.

2) ബ്രാഹ്മണ കുലത്തിൽ വളരെ വളരെ പാൽ കടലായി കഴിയണം. പരദൂഷണം, പരചിന്തനത്തിൽ നിന്നും സ്വയത്തെ സംരക്ഷിക്കണം. സത്സംഗത്തിൽ കഴിയണം.

### വരദാനം:- ഡബിൾ ലൈറ്റ് സ്ഥിതിയിലൂടെ പറക്കുന്ന കലയുടെ അനുഭവം ചെയ്യുന്ന സർവ്വ ആകർഷണ മുക്തരായി ഭവിക്കട്ടെ.

ഇപ്പോൾ കയറുന്ന കലയുടെ സമയം കഴിഞ്ഞുപോയിരിക്കുന്നു, ഇപ്പോൾ പറക്കുന്ന കലയുടെ സമയമാണ്. പറക്കുന്ന കലയുടെ അടയാളമാണ് ഡബിൾ ലൈറ്റ്. അൽപമെങ്കിലും ഭാരമുണ്ടെങ്കിൽ താഴേക്ക് കൊണ്ടുപോരും. തന്റെ സംസ്കാരങ്ങളുടെ ഭാരമാകട്ടെ, വായുമണ്ഡലത്തിന്റേതാകട്ടെ, ഏതെങ്കിലും ആത്മാവിന്റെ സംബന്ധ-സമ്പർക്കത്തിന്റേതാകട്ടെ, ഏത് ഭാരമായാലും ചഞ്ചലതയിൽ വരുത്തും. അതിനാൽ ഒന്നിനോടും അടുപ്പം പാടില്ല, അൽപം പോലും ഒരു ആകർഷണത്തിലും ആകർഷിതരാകരുത്. എപ്പോൾ അങ്ങനെയുള്ള ആകർഷണമുക്തവും ഡബിൾ ലൈറ്റുമാകുന്നുവോ അപ്പോൾ സമ്പൂർണ്ണമാകാൻ സാധിക്കും.

### സ്ലോഗൻ:- സ്നേഹത്തിന്റെ കാന്തമാകൂ എങ്കിൽ നിന്ദ ചെയ്യുന്നവർ പോലും അരികിൽ വന്ന് സ്നേഹത്തിന്റെ പുഷ്പങ്ങൾ വർഷിക്കും.

**ലൗലീന സ്ഥിതിയുടെ അനുഭവം ചെയ്യുന്നതിന് വേണ്ടി-** ബാബയുടെ സ്നേഹത്തിൽ അങ്ങനെ മുഴുകിയിരിക്കൂ, അതിലൂടെ ''ഞാനും എന്റേതും'' സമാപ്തമാകട്ടെ. ജ്ഞാനത്തിന്റെ ആധാരത്തിലൂടെ ബാബയുടെ ഓർമ്മയിൽ മുഴുകിയിരിക്കൂ, എങ്കിൽ ഈ മുഴുകിയിരിക്കൽ തന്നെയാണ് ലൗലീനസ്ഥിതി. എപ്പോൾ സ്നേഹത്തിൽ ലീനമായിരിക്കുന്നുവോ, അതായത് ലഹരിയിൽ മഗ്നമായിരിക്കുന്നുവോ അപ്പോൾ ബാബക്ക് സമാനമായി മാറുന്നു.